**പതിനാലാം കേരളനിയമസഭ**
**പത്താം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5790 | 28.03.2018-ൽ മറുപടിക്ക് |
|---|---|

## അപേക്ഷകന്റെ ഫോട്ടോ പതിപ്പിക്കാതെ സാക്ഷ്യപ്പെടുത്തിയ ക്ലിയറൻസ് സർട്ടിഫിക്കറ്റ്

| | ചോദ്യം<br>ശ്രീ. റോജി എം. ജോൺ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | യു.എ.ഇ.യിൽ തൊഴിൽ വിസ ലഭിക്കുന്നതിനായി അപേക്ഷകർക്ക് നൽകിയ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് അപേക്ഷകന്റെ ഫോട്ടോ പതിപ്പിക്കാതെയാണോ വിതരണം ചെയ്തത്; | (എ) | യു.എ.ഇ.-യിൽ തൊഴിൽ വിസ ലഭിക്കുന്നതിന് പി.സി.സി.-ക്ക് അപേക്ഷിക്കുന്നതിന് നേരിട്ട് ഹാജരായ അപേക്ഷകർക്ക് ഫോട്ടോ പതിച്ച സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതും നേരിട്ട് ഹാജരാകാത്തവർക്ക് ഫോട്ടോ വെരിഫൈ ചെയ്ത് നൽകുന്നതിന് സാധിക്കാത്തതിനാൽ ഫോട്ടോ ഇല്ലാതെ പി.സി.സി. നൽകിയിട്ടുള്ളതുമാണ്. എന്നാൽ നിലവിൽ പോലീസ് ആസ്ഥാനത്തെ 09/03/2018 തീയതിയിലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നം. 07/2018 പ്രകാരം അപേക്ഷകർക്ക് നേരിട്ട് ഹാജരാകാൻ സാധിച്ചില്ലെങ്കിലും ഇവരുടെ ഫോട്ടോ, നോട്ടറി/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകുന്ന അപേക്ഷകളിൽ ഫോട്ടോ പതിച്ച പി.സി.സി. നൽകിവരുന്നുണ്ട്. |
| (ബി) | ഫോട്ടോ പതിപ്പിക്കാതെ സാക്ഷ്യപ്പെടുത്തിയ ആയിരക്കണക്കിന് സർട്ടിഫിക്കറ്റുകൾ യു.എ.ഇ. അധികൃതർ തിരിച്ചയച്ചത് യു.എ.ഇ.യിൽ തൊഴിൽ ലഭിച്ച് വിസയ്ക്ക് കാത്തിരിക്കുന്നവർക്ക് തിരിച്ചടിയായിട്ടുണ്ടോ; | (ബി) | സാഹചര്യം ശ്രദ്ധയിൽപ്പെട്ടിരുന്നു. |
| (സി) | നിശ്ചിത ഫീസടച്ച് ലഭിച്ച സർട്ടിഫിക്കറ്റിനുപകരം ഫോട്ടോ പതിപ്പിച്ച് പുതുതായി സർട്ടിഫിക്കറ്റ് നൽകുന്നതിന് വീണ്ടും ഫീസ് നൽകേണ്ട സാഹചര്യം ഒഴിവാക്കുമോ? | (സി) | പി.സി.സി.-ക്ക് വേണ്ടി ഒരിക്കൽ ഫീസീടാക്കി ഫോട്ടോ പതിക്കാതെ നൽകിയ സർട്ടിഫിക്കറ്റുകൾ തിരികെ ഹാജരാക്കിയാൽ ഫീസടയ്ക്കാതെ തന്നെ ഫോട്ടോ പതിച്ച് പി.സി.സി. നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

28.02.2018 - മറുപടി നല്കേണ്ടിയിരുന്നത്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 621

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവനം

| ചോദ്യം | | നൽകിയ മറുപടി | | അന്തിമ മറുപടി |
|---|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. വി.പി.സജീന്ദ്രൻ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | | |
| (എ) | ഈ സർക്കാർ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ക്കായി ഏതെങ്കിലും ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ ഏകോപിപ്പിച്ച് ലൈഫ് മിഷൻ എന്ന പേരിൽ സമ്പൂർണ്ണ പാർപ്പിട പദ്ധതി ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന് പുറമേ വകുപ്പ് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം സംസ്ഥാനത്തെ 50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സ്വന്തമായി ഭൂമിയുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് നൽകി വന്ന ധനസഹായം 3 ലക്ഷത്തിൽ നിന്ന് 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. | ഉണ്ട്. സംസ്ഥാനത്ത് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ ഏകോപിപ്പിച്ച് ലൈഫ് മിഷൻ എന്ന പേരിൽ സമ്പൂർണ്ണ പാർപ്പിട പദ്ധതി ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന് പുറമേ വകുപ്പ് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം സംസ്ഥാനത്തെ 50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സ്വന്തമായി ഭൂമിയുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് നൽകി വന്ന ധനസഹായം 3 ലക്ഷത്തിൽ നിന്ന് 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ |

<table>
<tr>
<td></td>
<td></td>
<td></td>
<td>സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേന ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.</td>
<td>പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേന ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>(ബി)</td>
<td>25.5.16-ന് ശേഷം ഇതുവരെ ഓരോ വിഭാഗത്തിലും ഭവന നിർമ്മാണത്തിനായി എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;</td>
<td>(ബി)</td>
<td>25.05.2016-നു ശേഷം ഭവന നിർമ്മാണത്തിനായി അനുവദിച്ച തുക ഇപ്രകാരമാണ്.<br>
<table>
<tr><th>ക്രമ നം</th><th>വർഷം</th><th colspan="2">തുക</th></tr>
<tr><th></th><th></th><th>പട്ടികജാതി വികസന വകുപ്പ്</th><th>പട്ടികവർഗ്ഗ വികസന വകുപ്പ്</th></tr>
<tr><td>1</td><td>2016-17</td><td>234,50,09,800/-</td><td>202,74,26,520/-</td></tr>
<tr><td>2</td><td>2017-18</td><td>259,67,86,356/-</td><td>115,08,00,000/-</td></tr>
<tr><td colspan="2">ആകെ</td><td>494,17,96,156/-</td><td>317,82,26,520/-</td></tr>
<tr><td colspan="2">സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണത്തിനായി 2007-08 മുതൽ 2015-2016 ചെലവഴിച്ചത്</td><td>18,97,53,114/-</td><td>---</td></tr>
</table>
2016-വരെ spill over ആയ 24314 വീടുകളും 2017-18 വരെ അനുവദിച്ച വീടുകളും പൂർത്തീകരിക്കുന്നതിന് 2017-18 വർഷം 115 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.</td>
<td>25.05.2016-നു ശേഷം ഭവന നിർമ്മാണത്തിനായി അനുവദിച്ച തുക ഇപ്രകാരമാണ്.<br>
<table>
<tr><th>ക്രമ നം</th><th>വർഷം</th><th colspan="2">തുക</th></tr>
<tr><th></th><th></th><th>പട്ടിക ജാതി വികസന വകുപ്പ്</th><th>പട്ടിക വർഗ്ഗ വികസന വകുപ്പ്</th></tr>
<tr><td>1</td><td>2016-17</td><td>234,50,09,800/-</td><td>202,74,26,520/-</td></tr>
<tr><td>2</td><td>2017-18</td><td>259,67,86,356/-</td><td>115,08,00,000/-</td></tr>
<tr><td colspan="2">ആകെ</td><td>494,17,96,156/-</td><td>317,82,26,520/-</td></tr>
</table></td>
</tr>
</table>

| | | |
|---|---|---|
| (സി) | പട്ടികജാതി വിഭാഗങ്ങൾക്കായി എത്ര പുതിയ വീടുകൾ അനുവദിച്ചു ; അതിൽ എത്രയെണ്ണം നിർമ്മാണം പൂർത്തിയായി; | (സി) യും (ഡി) യും |
| (ഡി) | പട്ടികവർഗ്ഗ വിഭാഗത്തിനായി എത്ര പുതിയ വീടുകൾ അനുവദിച്ചു, അതിലെത്രയെണ്ണം പൂർത്തിയായി; വ്യക്തമാക്കാമോ? | |

| | | പട്ടികജാതി വികസന വകുപ്പ് | | പട്ടിക വർഗ്ഗ വികസന വകുപ്പ് |
|---|---|---|---|---|
| ക്രമ നം. | ഇനം | 2016-17 | 2017-18 | 2016-17 |
| 1. | അനുവദിച്ച വീടുകൾ | 14946 | 7000 | 6709 |
| 2 | പൂർത്തീകരിച്ച വീടുകൾ | 8343 | റിപ്പോർട്ട് ശേഖരിച്ചു വരുന്നു | |

| | | പട്ടികജാതി വികസന വകുപ്പ് | | പട്ടികവർഗ്ഗ വികസന വകുപ്പ് |
|---|---|---|---|---|
| ക്രമ നം. | ഇനം | 2016-17 | 2017-18 | 2016-17 |
| 1 | അനുവദിച്ച വീടുകൾ | 14946 | 7000 | 6709 |
| 2 | പൂർത്തീകരിച്ച വീടുകൾ | 8343 | 77 പൂർത്തീകരിച്ച 2357 എണ്ണം അന്തിമ ഘട്ടത്തിലാണ് | 31 പൂർത്തീകരിച്ച 977 എണ്ണം അന്തിമ ഘട്ടത്തിലാണ് |

സെക്ഷൻ ഓഫീസർ